

11-01-2022

TUESDAY ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : George Sebastian** **Editor : Dr Asha T T**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 11/01/2022

1. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ കൃഷിഭവനിൽ സബ്ല്യു.സി.റ്റി തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർക്ക് കൃഷിഭവനിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങാവുന്നതാണെന്ന് കൃഷി ഫീൽഡ് ഓഫീസർ അറിയിച്ചു.

2. നെല്ലിനെ ആക്രമിക്കുന്ന **തണ്ടുതുരപ്പൻ, ഓലചുരുട്ടി** എന്നീ കീടങ്ങളുടെ ജൈവീക നിയന്ത്രണത്തിന് ഉപയോഗിക്കുന്ന **ട്രൈക്കോഗ്രാമ മുട്ടക്കാർഡുകൾ** ആലപ്പുഴ പാരസൈറ്റ് ബ്രിഡിംഗ് സ്റ്റേഷൻ മുഖേന ലഭ്യമാക്കുന്നതാണ്. ആവശ്യമുള്ള കർഷകർ **8089638349** എന്ന നമ്പരിൽ ബന്ധപ്പെടുക.

3. കേരളത്തിന്റെ ഭൂപ്രകൃതിക്കും, കൃഷിക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ നവീന കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കുന്നതിൽ വ്യാപൃതരായവരുടെ സമാഗമം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2022 ഫെബ്രുവരി മാസം സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇവർ വികസിപ്പിച്ചെടുത്ത നൂതന കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നതാണ്. ഈ സമാഗമത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള നൂതന കാർഷിക യന്ത്ര നിർമ്മാതാക്കളോ / ഗ്രൂപ്പുകളോ ഈ മാസം 15 നു (ജനുവരി 15 നു) മുമ്പായി കാർഷിക യന്ത്രവൽക്കരണ മിഷനിലേക്ക് spokksasc1@gmail.com എന്ന ഇമെയിൽ വിലാസത്തിലോ **8281200673** എന്ന വാട്ട്സ് അപ്പ് നമ്പരിലോ ബന്ധപ്പെടുക.

4. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കൃഷിവകുപ്പ് വിൽപ്പന കേന്ദ്രത്തിൽ മുട്ടയിടാൻ പ്രായമായ **ഗിരിരാജ** ഇനത്തിൽപ്പെട്ട കോഴികൾ ഒരെണ്ണം 300 രൂപ നിരക്കിൽ വിൽക്കുന്നതിനായുള്ള ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ കൊല്ലം ജില്ലയിലെ പുനലൂരിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന സർക്കാർ അംഗീകാരമുള്ള രണ്ട് വർഷം കാലാവധിയുള്ള **ഓപ്പറേഷൻ & മെയിന്റനൻസ് ഓഫ് അഗ്രിക്കൾച്ചറൽ മെഷിനറീസ്** കോഴ്സിലേക്ക് സ്പോട്ട് അഡ്മിഷനുള്ള അപേക്ഷ ക്ഷണിച്ചു. കോഴ്സ് കാലാവധി

കഴിഞ്ഞ ശേഷം ഒരു വർഷം സ്റ്റൈപ്പന്റോടു കൂടിയ ട്രെയിനിംഗ് നൽകുന്നതാണ്. യോഗ്യത പത്താം ക്ലാസ്സ് അല്ലെങ്കിൽ തത്തുല്യമാണ്. പ്രായപരിധി 25 വയസ്സാണ്. കൂടുതൽ വിവരങ്ങൾക്ക് www.keralaagro.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ **0475–2229448, 7558880463** എന്നീ നമ്പരുകളിൽ ബന്ധപ്പെടുകയോ ചെയ്യുക.

6. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ആറു മാസത്തെ കോഴ്സായ **സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗ്** 2022 ജനുവരി ബാച്ചിലെ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കാനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത 8–ാം ക്ലാസ് ആണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 31 ആണ്. https://onlineadmission.ignou.ac.in/admission/ എന്ന ലിങ്ക് വഴി ഓൺലൈനായി അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9495000930, 9400608493** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

7. മണ്ണുത്തി വെറ്ററിനറി കോളേജിലെ ഡയറി സയൻസ് ഡിപ്പാർട്ട്മെന്റിൽ വച്ച് ഈ മാസം 12,13 (ജനുവരി 12,13) തീയതികളിൽ **"പാലിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ'** എന്ന വിഷയത്തിൽ ദ്വിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 1000 രൂപയാണ് ഫീസ്. കൂടുതൽ വിവരങ്ങൾക്ക് **9744481598, 9495039707** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

8. മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 12,13,14 (ജനുവരി 12,13,14) തീയതികളിൽ രാവിലെ 10.00 മണി മുതൽ **ആട് വളർത്തൽ** എന്ന വിഷയത്തിൽ മൂന്ന് ദിവസത്തെ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. പങ്കെടുക്കുന്നവർ കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ്, ആധാർ കാർഡ് എന്നിവ കൊണ്ടുവരേണ്ടതാണ്. 30 പേർക്കാണ് പരിശീലനം നൽകുന്നത്. താൽപര്യമുള്ളവർ **0491 2815454** എന്ന നമ്പരിലേക്ക് വിളിച്ച് പേര് രജിസ്റ്റർ ചേയ്യേണ്ടതാണ്.

9. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 17,18 തീയതികളിൽ **ആട് വളർത്തൽ**, 24–ന് **കാടവളർത്തൽ** എന്നീ വിഷയങ്ങളിൽ



ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി **0479-2457778** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

10. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **14-ന് പന്നി വളർത്തൽ** എന്ന വിഷയത്തിൽ **ഓൺലൈൻ** പരിശീലനവും 19,20 തീയതികളിൽ **പശുവളർത്തൽ**, 27,28 തീയതികളിൽ **മുട്ടക്കോഴി വളർത്തൽ** എന്നീ വിഷയങ്ങളിൽ **ക്ലാസ് റൂം** പരിശീലനവും സംഘടിപ്പിച്ചിരിക്കുന്നു. താൽപര്യമുള്ളവർ **04829-234323** എന്ന ഫോൺ നമ്പരിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

11. പുഞ്ചക്കൃഷി ഇറക്കിയ പാടങ്ങളിലെല്ലാം വളരെ ഉയർന്ന അമ്ലത കാണപ്പെടുന്നു. ഈ സാഹചര്യത്തിൽ നിലം ഉണങ്ങുന്നത് ഒട്ടും അഭികാമ്യമല്ല. ഇപ്പോൾ കളനാശിനി അടിയ്ക്കുന്നതു വരെ കർഷകർ നിലം നന്നായി ഉണക്കുന്നുണ്ട്. ഇപ്രകാരം ഉണങ്ങുമ്പോൾ ഉയർന്ന അമ്ലതയിൽ നെൽച്ചെടിക്ക് ഹാനികരമായ അമ്ലജന്യ പദാർത്ഥങ്ങൾ മണ്ണിൽ ഉണ്ടാവുകയും, തുടർന്ന് കളനാശിനി അടിച്ച് വെള്ളം കയറ്റുമ്പോൾ വെള്ളത്തിൽ ലയിച്ചു ചേരുന്ന അമ്ലജന്യ പദാർത്ഥങ്ങൾ ചെടി ആഗിരണം ചെയ്യുകയും, ഇത് ചെടിയുടെ വളർച്ചയെ ബാധിക്കുകയും ചെയ്യുന്നു. അതുകൊണ്ട് വിതച്ച് കളനാശിനി അടിയ്ക്കുന്നതുവരെയുള്ള സമയത്ത് നിലം കൂടുതലായി ഉണങ്ങാതെ നോക്കണം. അമ്ലത നിയന്ത്രിക്കാതെ വളപ്രയോഗം നടത്തിയാലും ശരിയായ പ്രയോജനം ലഭിക്കുകയില്ല. അതിനാൽ അമ്ലത നിയന്ത്രിച്ചതിനുശേഷം മാത്രം വളപ്രയോഗം നടത്താൻ ശ്രദ്ധിക്കണം. ഉയർന്ന അമ്ലത മൂലം നെൽച്ചെടി വളർച്ച മുരടിച്ചു കാണപ്പെടുന്നത് ഇലപ്പേൻ ആക്രമണമായി തെറ്റിദ്ധരിച്ച് കർഷകർ രാസകീടനാശിനികൾ കൂടുതലായി പ്രയോഗിക്കുന്നു. ഇപ്പോൾ കീടനാശിനികൾ പ്രയോഗിക്കുന്നത് മിത്രപ്രാണികളുടെ നാശത്തിനും ഇടയാക്കുകയും, പിന്നീട് തുടർച്ചയായി കീടനാശിനിപ്രയോഗം നടത്തേണ്ട സാഹചര്യം സൃഷ്ടിക്കുകയും ചെയ്യും. അതിനാൽ സാങ്കേതിക നിർദ്ദേശം സ്വീകരിച്ചതിനുശേഷം മാത്രമേ രാസകീടനാശിനികൾ പ്രയോഗിക്കാവു എന്ന് കെ.സി.പി.എം, ആലപ്പുഴ പ്രോജക്ട് ഡയറക്ടർ അറിയിക്കുന്നു.